കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്

2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (പി3)1604/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി: 23/11/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്(സെക്രട്ടറി മുഖേന)

കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ (പി3)1604 /2018 തിയ്യതി : 23/11/2018

തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 13.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള ഇടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുനിൽകുമാർ.കെ.വി., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.9.2018മുതൽ 28.9.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ബേബി.പി.വി. | ഓഡിറ്റ് ഓഫീസർ |
| | ഹണി.കെ.എസ്. | അസി.ഓഡിറ്റ് ഓഫീസർ |
| | ഷൈനി കൃഷ്ണദാസ് | അസി. ഓഡിറ്റ് ഓഫീസർ |
| | സ്റ്റാൻലി.പി.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജീജോ ജോബ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സി.ജെ ആന്റോ | 1.4.2017 മുതൽ 31.3.2018വരെ |
| സെക്രട്ടറി | കെ.രവീന്ദ്രൻ | 1.4.2017 മുതൽ 20.12.2017വരെ |
| | ദീപ.എം.കെ. (ഇൻ ചാർജ്) | 21.12.2017 മുതൽ 29.12.2017 വരെ |
| | കെ.രവീന്ദ്രൻ | 30.12.2017 മുതൽ 31.3.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | പി.സുഷമ | 1.4.2017 മുതൽ 15.7.2017വരെ |
| | (ഒഴിവ്) | 16.7.2017 മുതൽ 2.8.2017വരെ |

| | | |
|---|---|---|
| | വി.ജി.പവിത്രൻ | 3.8.2017 മുതൽ 2.9.2017വരെ |
| | (ഒഴിവ്) | 3.9.2017 മുതൽ 5.9.2017വരെ |
| | ബിനൂപ്.കെ.സി | 6.9.2017 മുതൽ 31.3.18വരെ |
| അസി.എഞ്ചിനീയർ | നിമിഷ.വി.കൃഷ്ണൻ | 1.4.2017 മുതൽ 31.3.2018വരെ |
| കൃഷി ഓഫീസർ | ബേബി റാഫേൽ.എൻ.വി. | 1.4.2017 മുതൽ 21.4.2017വരെ |
| | പി.ജി.സോമകുമാർ(ഇൻചാർജ്ജ്) | 22.4.2017 മുതൽ 16.5.2017വരെ |
| | എം.കെ.അബ്ദുൾ നാസർ | 17.5.2017 മുതൽ 9.7.2017വരെ |
| | കെ.എ.സുകുമാരൻ (ഇൻ ചാർജ്ജ്) | 10.7.2017 മുതൽ 30.7.2017വരെ |
| | എം.കെ.അബ്ദുൾ നാസർ | 31.7.2017 മുതൽ 7.9.2017വരെ |
| | മീന മാത്യു | 8.9.2017 മുതൽ 31.3.2018വരെ |
| വി.ഇ.ഒ ( കൈപ്പറമ്പ് സർക്കിൾ) | രേഖ.എം.ആർ. | 1.4.2017 മുതൽ 31.3.2018വരെ |
| വി.ഇ.ഒ (പേരാമംഗലം) | സന്ധ്യ.എ.കെ. | 1.4.2017 മുതൽ 17.10.2017വരെ |
| | രേഖ.എം.ആർ. | 18.10.2017 മുതൽ 15.11.2017വരെ |
| | സിന്ധു.പി. | 16.11.2017 മുതൽ 31.3.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.ടെസ്സി.കെ.കുരുവിള | 1.4.2017 മുതൽ 2.5.2017വരെ |
| | ഡോ.അനിൽകുമാർ | 3.5.2017 മുതൽ 3.6.2017വരെ |
| | ഡോ.പത്മജ.പി.ബി. | 4.6.2017 മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രമ്യ.എസ്.പിള്ള | 1.4.2017 മുതൽ 4.5.2017വരെ. |
| | ഡോ.ഹേന ജോയ് | 5.5.2017 മുതൽ 30.5.2017വരെ |
| | ഡോ.രമ്യ.എസ്.പിള്ള | 1.6.2017 മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ആഗ്നസ് ക്ലീറ്റസ് | 1.4.2017 മുതൽ 7.8.2017വരെ. |
| | ഡോ.പ്രശാന്ത് | 8.8.2017 മുതൽ 8.10.2017വരെ. |
| | ഡോ.ആഗ്നസ് ക്ലീറ്റസ് | 09.10.17 മുതൽ 22.10.17 വരെ |
| | ഡോ.കെ.രേണ | 23.10.17 മുതൽ 27.11.17വരെ. |
| | ഡോ.ആഗ്നസ് ക്ലീറ്റസ് | 28.11.17 മുതൽ 22.01.18 വരെ |
| | ഡോ.കെ.രേണ | 23.11.18 മുതൽ 08.03.18 വരെ |
| | ഡോ.ആഗ്നസ് ക്ലീറ്റസ് | 09.03.18 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ചിന്ത.കെ.പി. | 1.4.2017 മുതൽ 31.3.2018വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് | ശ്രീകല.കെ | 1.4.2017 മുതൽ 31.3.2018വരെ |
| എച്ച്.എം., ജി.യു.പി.എസ് | മല്ലിക.എ.ആർ. | 1.4.2017 മുതൽ 31.3.2018വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഗിരിജ എസ്.കെ. | 1.4.2017 മുതൽ 27.7.2017വരെ |
| | സുസ്മിത കെ.എസ്. | 28.7.2017 മുതൽ 6.12.2017വരെ |
| | റിച്ചാർഡ് ജോർജ്ജ് | 7.12.2017 മുതൽ 6.3.2018വരെ |
| | സുഷമ സി.വി. | 7.3.2018 മുതൽ 31.3.2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം – 2 | | |
| 13 | 2-1 | ഇ-ടെണ്ടർ ടെണ്ടർ ഫോം വില 46,600 രൂപ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. |
| 14 | 2-2 | വാണിജ്യ കെട്ടിടങ്ങൾ വ്യത്യസ്ത ഭാഗങ്ങളായി വസ്തു നികുതി നിർണ്ണയിച്ച |
| 15 | 2-3 | ഷോപ്പിംഗ് കോംപ്ലക്സിലെ വാടകമുറികൾ കീഴ് വാടകയ്ക്ക് നൽകി – നിയമവിരുദ്ധം |
| 16 | 2-4 | കച്ചവട ലൈസൻസ് – പൊതു അപാകതകൾ |
| 17 | 2-5 | കരാറുകാരിൽ നിന്നും തൊഴിൽ നികതി ഈടാക്കിയില്ല |
| 18 | 2-6 | ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വസ്തുനികുതി കടിശ്ശിക |
| 19 | 2-7 | സാംഖ്യ-സഞ്ചയ സോഫ്റ്റ്‌വെയറുകളിലെ അപാകതകൾ |
| ഭാഗം – 3 | | |
| 20 | 3-1 | മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം പൂർത്തീകരണ നടപടികൾ ആരംഭിച്ചില്ല |
| 21 | 3-2 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ |
| 22 | 3-3 | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രവർത്തനം – അവലോകനം |
| 23 | 3-4 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല |
| 24 | 3-5 | തരിശു ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടില്ല |
| 25 | 3-6 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല |
| 26 | 3-7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല |
| 27 | 3-8 | പദ്ധതി നടപ്പിലാക്കിയില്ല – വാഹനം ലേലം ചെയ്യുന്ന |
| 28 | 3-9 | മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം |
| 29 | 3-10 | ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിലെ അപാകത |
| 30 | 3-11 | ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടില്ല |

| | | |
|---|---|---|
| 31 | 3-12 | കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്. |
| 32 | 3-13 | മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം |
| 33 | 3-14 | വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിലെ അപാകത |
| ഭാഗം – 4 | | |
| 34 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 35 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 36 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 37 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 38 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 39 | 4-6 | ഓഡിറ്റ് റിക്കവറി |
| 40 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 41 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 42 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 44 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 45 | | അനുബന്ധം-2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27-03-2017 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28-03-2018 തീയതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 22-05-2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18-06-2018 മുതൽ 19-06-2018 വരെ | കെ.എസ്.എ-ടി.എസ്.ആർ(ഇ3)-1150/18(29) തീയതി.11-07-2018/31-08-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,04,35,262 |
| വരവ് | 6,94,97,685 |
| ആകെ | 8,99,32,947 |
| ചെലവ് | 7,26,59,672 |
| നീക്കിയിരിപ്പ് | 1,72,73,275 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 13454000 | 13454000 | 12670214 | 83328 |
| വികസന ഫണ്ട് -എസ്.സി.പി. (ACR പ്രകാരം) | | 0 | 5437677 | 5437677 | 5429422 | 8255 |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് – റോഡ് (ACR പ്രകാരം) | | 0 | 8811000 | 8811000 | 8811000 | 0 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് (ACR പ്രകാരം) | | 0 | 3023000 | 3023000 | 3023000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ (ACR പ്രകാരം) | | 0 | 6318427 | 6318427 | 6318427 | 0 |
| കെ.എൽ.ജി.എസ്.ഡി.പി. (ACR പ്രകാരം) | | 0 | 2270873 | 2270873 | 2270873 | 0 |
| സാക്ഷരത | | 5824 | 186202 | 192026 | 182300 | 9726 |
| ദുരിതാശ്വാസ നിധി | | 65812 | 16214 | 82026 | 80000 | 2026 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | NREGA | 14428 | 8725979 | 8740407 | 8725515 | 14892 |
| | PYCKA | 8085 | 327 | 8412 | 0 | 8412 |
| | ICDS | 509692 | 636126 | 1145818 | 680655 | 465163 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | തൊഴിൽരഹിത വേതനം | 0 | 58560 | 58560 | 58560 | 0 |
| | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 90000 | 90000 | 90000 | 0 |
| | ഉത്പാദന ബോണസ് | 0 | 106000 | 106000 | 106000 | 0 |
| | കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 850000 | 550000 | 1400000 | 1400000 | 0 |
| | ജില്ലാ പഞ്ചായത്ത് | 280823 | 675000 | 955823 | 804602 | 151221 |
| ബി ഫണ്ട് | | 0 | 48802200 | 48802200 | 48802200 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | | 3986596 | 12555032 | 16541628 | 15892769 | 648859 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 14427641 | 19033687 | 33461328 | 18141901 | 15319427 |
| | ട്രഷറി അക്കൗണ്ട് | 3987923 | 12555032 | 16542955 | 15892769 | 650186 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 202 | 80408623 | 140 | 49598799 | 56 | 6 | 69.31 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 78,928 | 7,58,575 | 8,37,503 | 8,22,611 | 14,892 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 94,97,031 | 94,97,031 | 94,97,031 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 58,560 | 102 |
| കർഷകത്തൊഴിലാളി പെൻഷൻ | 61,95,800 | 515 |
| വിധവ പെൻഷൻ | 1,49,10,200 | 1273 |
| വാർദ്ധക്യ കാല പെൻഷൻ | 2,16,53,100 | 1733 |
| വികലാംഗ പെൻഷൻ | 36,51,300 | 312 |
| 50വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 23,91,800 | 207 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90,000 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.09.2018 തിയതിയിൽ 3.00 P.M ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,000/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ 2017-18 വർഷത്തെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും വൗച്ചറുകളും ഫയലുകളും ശരിയായ രീതിയിൽ പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ആസ്തി രജിസ്റ്ററിൽ പുതുതായി സൃഷ്ടിക്കുന്ന ആസ്തികൾ യഥാസമയം ഉൾപ്പെടുത്തി കാലികമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.സോഫ്റ്റ് വെയർ സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 16/08/2018 | ജൂലൈ 2018 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 27/08/2003 | 2002-2003 | 20/11/2003 |

## 1-12 2017-18 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)).

2. വസ്തു നികുതിയുടെ ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന വസ്തു നികുതി ഡിമാൻഡ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ് വെയർ ആയ "സാംഖ്യ" യിൽ ഡിമാൻഡ് ആയി ചേർക്കുന്നത്. വസ്തു നികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാഖ്യ" സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഇതിലെ രശീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാൻഡ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും സാംഖ്യ സോഫ്റ്റ് വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷിക കണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 2839436 | 2380325 | 308616 | 162353 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2839436 | 2373620 | 291378 | *168599 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | (350410101 – Advacne collection -PT on Res.bldng -ന്റെ ലെഡ്ജർ) | *(177029/105 x 100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2 നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2901313 | 2605146 | 240668 | 105673 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2901313 | 2583950 | 196490 | *102585 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410104 – Advacne collection -PT on Res.bldng -ന്റെ ലെഡ്ജർ) | *(107714/105 x 100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2 <u>കുടിശ്ശിക</u>

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1150653 | 1031024 | 145334 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *(ഖണ്ഡിക 2.2.3 കാണുക) | 1033329 | *122144 |
| | (2016-17 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | **(128251/105x100) (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -15) |

2.2.2 നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1265595 | 1200453 | 83982 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *(ഖണ്ഡിക 2.2.3 കാണുക) | 1223264 | **65554 |
| | (2016-17 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | **(68832/105x100) (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -15) |

*2.2.3. 2016-17 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 15 പ്രകാരം 31.3.2017 ലെ ആകെ വസ്തുനികുതി കുടിശ്ശികയായ (1567612 + 1949779)/105 x 100=) 3349896/- രൂപയാണ് 01.04.2017 ലെ വസ്തു നികുതി പ്രാരംഭ കുടിശ്ശികയായി എടുക്കേണ്ടത്. 2017-18 വർഷാരംഭത്തിൽ റെസിഡൻഷ്യൽ - നോൺ റെസിഡൻഷ്യൽ ആയി ആകെ കുടിശ്ശിക വേർതിരിച്ചപ്പോൾ 933648/- രൂപ കുറവ് ഡിമാന്റ് ചെയ്തിരിക്കുന്നു. ( 3349896 – (Res. 1265595 + Non Res. 1150653) = 933648). ആയതിനാൽ 933648/- രൂപ എഴുതിതള്ളിയതായി കാണുന്നു. എന്നാൽ രേഖപ്പെടുത്തലിനെ സാധൂകരിക്കുന്ന വൗച്ചർ ഇല്ല.

2.3 <u>ലൈബ്രറി സെസ് (തൻവർഷം + കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | ക്രമീകരിച്ചത് | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 145762 | 61358 | 207120 | 120463 | 52736 | 173199 | 16806 | 7868 | 8474 | 16342 |
| | നോൺ റെസിഡൻഷ്യൽ | 148960 | 63983 | 212943 | 130705 | 60293 | 190998 | 12389 | 5362 | 4326 | 9688 |
| | ആകെ | | | 420063 | | | 364197 | 29195 | | | 26030 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 176237 | | | 364163 | | | ഇല്ല | 32619 | | |
| | | (2016-17 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്) | | | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4 വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി (തൻവർഷം)

2.4.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 712699 | 596134 | 77399 | 41283 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 712699 | 592783 | ഇല്ല | 43240 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101 – Advacne collection -PT on Res.bldng -ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4.2 നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 740509 | 651595 | 60528 | 26544 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 740509 | 649337 | 19 | 39289 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104 – Advacne collection -PT on Res.bldng -ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.5 വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി (കുടിശ്ശിക)

2.5.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 309269 | 262225 | 39195 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *(ഖണ്ഡിക 2.5.3 കാണുക) | 265029 | 47044 |
| | (2016-17 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -15) |

2.5.2 നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 323290 | 301535 | 21687 |

| | | | |
|---|---|---|---|
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *(ഖണ്ഡിക 2.5.3 കാണുക) | 307125 | 21755 |
| | (2016-17 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -15) |

2.5.3. 2016-17 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 31.03.2017 ലെ ആകെ സേവന ഉപനികുതി കുടിശ്ശികയായ (377637 + 523691)=901328 രൂപയാണ് 01.04.2017 -ലെ സേവന ഉപനികുതി കുടിശ്ശിക പ്രാരംഭ കുടിശ്ശികയായി എടുക്കേണ്ടത്. എന്നാൽ 2017-18 വർഷാരംഭത്തിൽ റെസിഡൻഷ്യൽ - നോൺ റസിഡൻഷ്യൽ സേവന ഉപനികുതി കടിശ്ശിക ആയി ആകെ കുടിശ്ശിക വേർതിരിച്ചപ്പോൾ 268679/- രൂപ കുറവ് ഡിമാൻഡ് ചെയ്തിരിക്കുന്നു. (901238 - ( Res.309269 + Non Res. 323290)=268679). ആയതിനാൽ 268679/- രൂപ എഴുതി തള്ളിയതായി കാണുന്നു. എന്നാൽ രേഖപ്പെടുത്തലിനെ സാധൂകരിക്കുന്ന വൗച്ചർ ഇല്ല.

2.6 “സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സിബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

2.6.1 ഡിമാൻഡ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാഃ- 2.1.1, 2.1.2, 2.2.1, 2.2.2, 2.3, 2.4.1, 2.4.2, 2.5.1, 2.5.2) എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.7 01.04.2017 -ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാൻഡ് തുക (റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്മെന്റ് തുകകൾ, തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. 2017-18 വർഷത്തിൽ 389 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ "110100101/110100103-Property tax on residential/non residential building” എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 01.04.2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തു നികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

മേൽക്കാരണങ്ങളാൽ വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തു ന്നില്ല**.**

3. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2) (ഇ), (ജി).

4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം " 280000000-Prior period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ 1-18) | 31.03.2018ലെ ബാക്കി |
|---|---|
| 280100101-Prior period income – Property tax on residential buildings | (89610) |
| 280100104-Prior period income – Property tax on Non - residential buildings | 974187 |
| 280100105-Prior period income – service cess on residential building | (15381) |
| 280100106-Prior period income- service cess on non residential building | 265437 |

5. തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5.1 പദ്ധതിയുടെ ക്യാഷ് ബുക്ക്, മറ്റ് രജിസ്റ്ററുകൾ എന്നിവ പ്രകാരം ചെലവുകൾ താഴെ ചേർത്ത പ്രകാരമാണ്.

| ഇനം | തുക |
|---|---|
| പഞ്ചായത്തിന്റെ ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾ (മൂലധന ചെലവുകൾ) | 1594127 |
| റവന്യൂ ചെലവുകൾ | 8782729 |
| ആകെ | 10376856 |

ആകെ റവന്യൂ ചെലവ് ആയ 8782729/- രൂപയാണ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനം, ചെലവ് ആയി രേഖപ്പെടുത്തേണ്ടത്. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6[ I-14(a) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനം 8725515 രൂപയും റവന്യൂ ചെലവ് 10319642/- രൂപയാണ്. ആയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് വരുമാനം 57214/- രൂപ കുറവും ചെലവ് 1536913/- രൂപ കൂടുതലും കാണിക്കുന്നു. ആയത് Excess income over expenditure നെ ബാധിച്ചിട്ടുള്ളതിനാൽ

ക്രമീകരിക്കേണ്ടതാണ്.

5.2 തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിന്റെ ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള 1594127/- രൂപയുടെ മൂലധന ചെലവും ഉൾപ്പെടുന്നു. ഈ തുക ബാലൻസ് ഷീറ്റിൽ ആസ്തിയായും തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയായി ഉൾപ്പെടുത്തിയിട്ടില്ല. ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തു നികുതി, സേവന ഉപനികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീയതി 26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. 2016-17 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം താഴെ ചേർത്തിരിക്കുന്ന മുൻകൂർ തുകകൾ ക്രമീകരിക്കാതെ 2017-18 ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തിയതായി കാണുന്നു.

| ശീർഷകം | തുക |
|---|---|
| 460400101-Advance to suppliers -advacne paid | 27,200 |
| 460500101-Advance to beneficiary committee convenors – Advance paid | 30,000 |
| 460500205-Advacne to implementing agencies-Deposit with public works department. | 72,000 |

മേൽ സൂചിപ്പിച്ച മുൻകൂറുകൾ നൽകിയ ഫയലുകൾ പരിശോധിച്ച് തുക നൽകുന്നതിന് വിധേയമാക്കിയ കരാറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8.1 ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9. ഇ.എം.എസ് ഭവനപദ്ധതിയുടെ വായ്പ രജിസ്റ്റർ പ്രകാരം 31.03.2018 വരെ അടവാക്കാനുള്ള പലിശ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2016-17 വരെ | 5,80,739 |
| 2017-18 | 85,597 |
| ആകെ | 6,66,336 |

ഈ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിവരുന്നില്ല.

9.1 ഈ തുക സർക്കാർ പഞ്ചായത്ത് മുഖേന അടവാക്കുന്നതാണ്. ആയതിനാൽ 66,636/- രൂപ ബാലൻസ് ഷീറ്റിൽ ബാധ്യത ശീർഷകത്തിലും ആസ്തി ശീർഷകത്തിലും രേഖപ്പെടുത്തുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

9.2 വായ്പ രജിസ്റ്റർ, വായ്പ പാസ്ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. പാസ്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

10. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

10.1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ " Net decrease in cash and cash equivalent" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3161987/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ "Net cash generated by operating + investing + financing activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2819236/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

11. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ – ടെണ്ടർ ടെണ്ടർ ഫോറം വില 46600 രൂപ പഞ്ചായത്തിന് ലഭ്യമായില്ല.

2017-18 വർഷം ഗ്രാമ പഞ്ചായത്തിൽ ഇ ടെണ്ടർ ചെയ്ത 9 പ്രവൃത്തികളിൽ കരാറുകാരിൽ നിന്നും ടെണ്ടർ ഫോം വില്പന ഇനത്തിൽ ഈടാക്കിയ 52210/-രൂപയിൽ 5610/-രൂപ വാറ്റ് കുറവാക്കി ബാക്കിയുള്ള 46600/- രൂപ തൃശ്ശൂര് എൽ.എസ്.ജി.ഡിവിഷൻ എക്സി.എഞ്ചിനിയറിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങൾ വ്യത്യസ്ത ഭാഗങ്ങളായി നികുതി നിർണ്ണയിച്ചു- പഞ്ചായത്തിന് വരുമാന നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, 2-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ. 40 രൂപയും 100 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 60/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ, സഞ്ചയയിലെ form6, പെർമിറ്റ് അപേക്ഷ, കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 100 ച.മീക്ക് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ കെട്ടിടങ്ങളും വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്ക് (ച.മീക്ക് 60 രൂപ) ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 40/- രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. ഐനിപ്പുള്ളി രാജൻ ഭാര്യ രാധ – 1/58Aമുതൽ 1/58 Vവരെയുള്ള കെട്ടിടനമ്പറുകൾ.

2. ജോബി S/o മാത്യു, താടിക്കാരൻ ഹൗസ്, പേരാമംഗലം - 13/143A മുതൽ 13/143N വരെയുള്ള

കെട്ടിടനമ്പറുകൾ

മേൽ കെട്ടിട നമ്പറുകളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. സമാനമായ രീതിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അവയുടെ നികുതി ഉയർന്ന നിരക്കിൽ പുനർനിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ്കോംപ്ലക്സിലെ വാടകമുറികൾ കീഴ് വാടകക്ക് നൽകിയത് നിയമവിരുദ്ധം.

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 7(3) പ്രകാരം "വാടകയ്ക്കു കൊടുത്തിട്ടുള്ള യാതൊരു കെട്ടിടമോ മുറിയോ ഇടമോ ലൈസൻസുകാരൻ, മറ്റൊരാൾക്ക് വാടകയ്ക്ക് കൊടുക്കാനോ അതിന്റെ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാനോ പാടില്ലാത്തതുമാകുന്നു."എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുണ്ടൂർ ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ പറയുന്ന കടമുറികളുടെ അവകാശം വാടകക്കാരൻ മറ്റൊരാൾക്ക് സമ്മതപത്രം , പവർ ഓഫ് അറ്റോർണി മുതലായവ മുഖേന കൈമാറിയതായും അയാൾ പ്രസ്തുത അവകാശപ്രകാരം കച്ചവട ലൈസൻസ് പഞ്ചായത്തിൽ നിന്നും സമ്പാദിച്ചതായും കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടക രജിസ്റ്റർ പ്രകാരം വാടകക്കാരന്റെ പേര് | 2017-18 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസിയുടെ പേര് | ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ |
|---|---|---|---|---|
| 1 | 6/535 | സി.ആർ.രാജൻ, ചക്കാമാത്തിൽ | മുരളി S/o കൃഷ്ണൻ, വട്ടതല വീട് ചൂണ്ടൽ പി.ഒ, തൃശ്ശൂർ | 699 |
| 2 | 6/536 | സി.പി.ലോറൻസ് , ചിറ്റിലപ്പിള്ളി | ഗോപകുമാർ.സി.ജി. S/o ഗോവിന്ദൻ, ചിലങ്കിലിയത്ത് | 538 |
| 3 | 6/543 | സെബി, കൊരട്ടി | പ്രദീപ്കുമാർ.എൻ.ബി.S/o ബാലൻ, നമ്പ്രത്ത് വീട്, കേച്ചേരി | 330 |
| 4 | 6/548 | ആനി, പുളുക്കര | അജിത് പ്രകാശ് S/o ശിവരാമൻ നായർ, കാവുങ്ങൽ വീട്, പേരാമംഗലം | 428 |

ഇപ്രകാരം വാടകക്കാരൻ മുറികൾ കീഴ് വാടകയ്ക്ക് നൽകിയത് നിയമവിരുദ്ധമാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (നം.16/17-18 തീയതി 27.09.18) "വരും വർഷം മുതൽ വാടക രജിസ്റ്റർ പ്രകാരമുള്ള വാടകക്കാർക്ക് മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ എന്ന് സ്ഥാപന നടത്തിപ്പുകാരെ അറിയിക്കുന്നതാണ്" എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ പട്ടികയിലെ ലൈസൻസ് അപേക്ഷകളോടൊപ്പം സമർപ്പിക്കപ്പെട്ട സമ്മതപത്രം, പവർ ഓഫ് അറ്റോർണി മുതലായ രേഖകൾ പ്രകാരം വാടകക്കാരൻ കരാർലംഘനം നടത്തിയതായി ബോധ്യമായിട്ടുള്ളതാണ്. അത്തരത്തിൽ വാടകക്കാരൻ കരാർലംഘനം നടത്തിയതായി ബോധ്യപ്പെട്ടാൽ ടി വാടകക്കാർക്കെതിരെ മേൽ ചട്ടം 7(4), 7(5) എന്നിവ പ്രകാരം സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതും നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 കച്ചവട ലൈസൻസ്- പൊതു അപാകതകൾ

1. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ തയ്യാറാക്കുകയാണ് ചെയ്യുന്നത്. അതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റിലെ ക്രമപ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

2. എല്ലാ ലൈസൻസ് അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടും, സെക്രട്ടറിയുടെ തീരുമാനവും സ്ഥാപനത്തിന്റെ വിറ്റുവരവും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-5 തൊഴിൽ നികുതി - കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്ത വ്യക്തികളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിവിധ കരാർ പ്രവൃത്തികൾ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വസ്തുനികുതി കുടിശ്ശിക

ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ 80 യൂണിറ്റുകളിലായി 105 സ്ഥാപനങ്ങളുണ്ട് (ഓഡിറ്റ് എൻക്വയറി 19 ന് ലഭിച്ച മറുപടി പ്രകാരം). ടി സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതിയിനത്തിൽ 1565662/- രൂപ ഡിമാന്റ് ചെയ്തിരുന്നുവെങ്കിലും 1144532/- രൂപ മാത്രമേ കളക്ഷൻ ലഭിച്ചതായി കാണുന്നുള്ളൂ. 421130/- രൂപ കുടിശ്ശികയായി കാണുന്നു.
വസ്തുനികുതി ഇനത്തിൽ ഇത്രയും വലിയ തുക കുടിശ്ശികയായിരിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള വലിയ അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-7 സാംഖ്യ-സഞ്ചയ സോഫ്റ്റ്‌വെയറുകളിലെ അപാകതകൾ

സാംഖ്യ-സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 18 ന് ലഭിച്ച മറുപടി പ്രകാരം താഴെ പറയുന്ന അപാകതകൾ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

1.റവന്യൂ റിക്കവറി രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ നികുതി ഓൺലൈൻ ആയി അടവാക്കുന്നത് ഒഴിവാക്കുന്നതിനായി സസ്പെന്റ് ചെയ്ത നികുതി അടവാക്കിയത് രേഖപ്പെടുത്തുന്നതിനായി റിവോക്ക് ചെയ്യുന്നതിന് സാധിക്കുന്നില്ല.

2. ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തിയ കെട്ടിടങ്ങളുടെ നികുതി 358/15 നമ്പർ ഉത്തരവിന് വിധേയമായി ഒഴിവാക്കുന്നതിന് സാധിക്കുന്നില്ല.

3.നികുതി ഒഴിവ് നൽകിയ വാസഗൃഹങ്ങൾ പ്യൂരിഫിക്കേഷന് ശേഷം ഉപയോഗ ഗണം മാറ്റി നികുതി പുനർനിർണ്ണയിക്കുമ്പോൾ ഡിമാന്റ് ലഭ്യമാകുന്നില്ല.

4. ഡാറ്റാ പ്യൂരിഫിക്കേഷനിൽ ഒന്നിലധികം കെട്ടിട ഉടമ ഒന്നിലധികം സർവ്വേ നമ്പർ എന്നിവ രേഖപ്പെടുത്തുന്നതിന് സാധിക്കുന്നില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള അനന്തര നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പൂർത്തീകരണ നടപടികൾ ആരംഭിച്ചിട്ടില്ല.

27.9.2017 ൽ നടത്തിയ സ്ഥല പരിശോധനയിൽ ഗ്രാമ പഞ്ചായത്തിലെ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിഷ്ക്രിയ അവസ്ഥയിൽ കാണപ്പെട്ടു. ആയതിന്റെ കോളം,ഭിത്തി,സ്ലാബ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും മേൽക്കൂര, തേപ്പ്പണി,വൈദ്യുതീകരണം മുതലായവ ഒന്നും ചെയ്തിട്ടില്ല. ഇൻഡോർ സ്റ്റേഡിയം ഇപ്പോൾ നാശോൻമുഖ അവസ്ഥയിലാണ്. 19.5.17 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം നം.1 ൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിലവിൽ 4 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു എന്നും ആയതിന് വേണ്ടി 4 കോടി രൂപ പ്രത്യേക സഹായം അനുവദിച്ച് കിട്ടുവാൻ ബഹു.കായിക യുവജനകാര്യ വ്യവസായ മന്ത്രിയോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ച് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് ശേഷം തുടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. നിരവധി ജനങ്ങൾക്ക് ഉപകാരപ്രദമാകേണ്ട പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. മേൽ വിഷയം 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.3-17-1 ൽ പരാമർശിച്ചിട്ടുണ്ട്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വർഷം 55 പുതിയ പ്രോജക്ടുകളും 37 സ്പിൽ ഓവർ പ്രോജക്ടുകളും ഉൾപ്പെടെ 92 പ്രോജക്ടുകൾ ചെയ്തിട്ടുണ്ട്. എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെങ്കിലും 35 ഓളം പ്രവൃത്തികൾ സിംഗിൾ ടെണ്ടർ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. റീടെണ്ടർ ക്ഷണിച്ചിട്ടും ടെണ്ടർ എടുക്കുവാൻ ആളില്ലാത്തതിനാലാണ് സിംഗിൾ ടെണ്ടർ വഴി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്ന് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. ഭൂരിഭാഗം പ്രോജക്ടുകളിലും മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല, പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിക്കുന്നില്ല. ഫൈനൽ ബിൽ,എം.ബുക്ക് എന്നിവയിൽ ആകെ പ്രവൃത്തി

മൂല്യം,നിയമാനസൃതം കറവു ചെയ്യേണ്ട വാറ്റ്,ഐ.ടി., കെ.സി.ഡബ്ലിയു.ഡബ്ലിയു.എഫ്.,ടെണ്ടർ വ്യതിയാനം എന്നിവ യഥാസ്ഥാനത്ത് വ്യക്തമായി രേഖപ്പെടുത്തുന്നില്ല. അസി.എഞ്ചിനിയർ ടി.ആർ.7A കാഷ് ബുക്ക്,പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. സൃഷ്ടിക്കപ്പെട്ട ആസ്തികൾ എല്ലാം തന്നെ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-3 സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം --അവലോകനം

1.വികസനസ്റ്റാൻഡിംഗ്കമ്മിറ്റി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(ii)പ്രകാരം വികസനസ്റ്റാൻഡിംഗ്കമ്മിറ്റിവികസനആസൂത്രണം, സാമൂഹ്യവുംസാമ്പത്തികവുമായപ്ലാനിംഗ്, സ്പെഷൽപ്ലാനിംഗ്,കൃഷി,മണ്ണുസംരക്ഷണം,സാമൂഹ്യവനവൽക്കരണം,മൃഗസംരക്ഷണം,

ക്ഷീരവികസനം,ചെറുകിടജലസേചനം,മത്സ്യബന്ധനം,ചെറുകിടവ്യവസായം,പൊതുമരാമത്ത്,പാർപ്പിടസൗകര്യം,വൈദ്യുതി,കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങൾ 13(1),13(1)(XIV) എന്നിവയിലെ നിർദ്ദേശത്തിനനുസൃതമായി ഭരണപരമായി കാര്യക്ഷമതയുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

സർക്കാർ ഉത്തരവ് 72/17 ത.സ്വ.ഭ.വ തീ 29/3/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13.6(9) അനുസരിച്ച് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിക്കേണ്ടതുണ്ട്.എന്നാൽ ഇപ്രകാരം യോഗം വിളിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

കൃഷി,മണ്ണുസംരക്ഷണം,മൃഗസംരക്ഷണം,പൊതുമരാമത്ത്,എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ ധാരാളം അപാകതകൾ കണ്ടെത്തി.മിനുട്സ് ബുക്കുകളിൽ പങ്കെടുത്ത അംഗങ്ങളുടെ ഒപ്പ് ഇല്ല.ചില യോഗങ്ങളിൽ ഒപ്പ് മാത്രം ഉള്ളപ്പോൾ ചിലതിൽ തീരുമാനങ്ങൾ ഇല്ല. പദ്ധതി ആസൂത്രണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ വേണ്ടത്ര സജീവമായിരുന്നില്ല.

മണ്ണുസംരക്ഷണം,സാമൂഹ്യവനവൽക്കരണം എന്നിവക്കായി പദ്ധതികൾ നടപ്പാക്കിയതായി കാണുന്നില്ല.പഞ്ചായത്തിലെ മാലിന്യസംസ്കരണം,കർഷകർക്ക് വിപണനസൗകര്യം എന്നിവക്കായി പദ്ധതികൾ ആസൂത്രണം ചെയ്തതായി കാണുന്നില്ല.

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികൾ ആയി മാറി യാതൊരു റിപ്പോർട്ടും തയ്യാറാക്കിയതായി കാണുന്നില്ല..പദ്ധതി ഉദ്ദേശിച്ച രീതിയിൽ, നിർവഹണകലണ്ടർ അനുസരിച്ച്,എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാകുന്ന രീതിയിൽ സർക്കാർ ഉത്തരവുകൾ പ്രകാരം തന്നെയാണോ നടപ്പാക്കിയതെന്ന് ഉറപ്പുവരുത്തേണ്ട മോണിറ്ററിംഗ് കമ്മറ്റികൾ പദ്ധതികൾ ഒന്നും തന്നെ മോണിറ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ നൽകിയിട്ടുള്ള കണക്കുകൾ കൃത്യമല്ല.കുടിവെള്ളപദ്ധതികൾ,തരിശുഭൂമികളുടെ വിവരം,പൊതുകിണറുകൾ,കുഴൽക്കിണറുകൾ എന്നിവ പഞ്ചായത്തിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.മാത്രമല്ല സ്റ്റാറ്റസ് റിപ്പോർട്ടിൽ പലയിടത്തും ഒരേ ഇനങ്ങൾക്ക് വ്യത്യസ്തകണക്കുകളാണ് ചേർത്തിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നില്ല.

2. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി- വർക്കിംഗ് ഗ്രൂപ്പുകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(iii)പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിപട്ടികജാതി-പട്ടികവർഗ വികസനം ,സ്ത്രീകളുടെയും കുട്ടികളുടെയും വികസനം,സാമൂഹ്യക്ഷേമം,സാമൂഹ്യസുരക്ഷാ പ്രവർത്തനം,ചേരി പരിഷ്കരണം,ദാരിദ്ര്യ നിർമാർജ്ജനം,പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യനീതി( ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗ വിഭാഗം മുതലായവ) , വനിതാ വികസനം, പട്ടികജാതി വികസനം, പട്ടിക വർഗ്ഗ വികസനം, എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്

പ്രോജക്റ്റുകളുടെ മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും സമർപ്പിക്കണം. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നതായും പദ്ധതികളുടെ നടത്തിപ്പ് ഘട്ടങ്ങളിലോ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിലോ ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആകെ 13 യോഗങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ ദാരിദ്ര്യ ലഘൂകരണം 4 ഉം, സാമൂഹ്യക്ഷേമം 3 ഉം, പട്ടികജാതി വികസനം 3 ഉം സ്ത്രീകളുടെയും കുട്ടികളുടെയും വികസനം 3 ഉം വീതം വർക്കിംഗ് ഗ്രൂപ്പുകളാണ് കൂടിയിട്ടുള്ളത് . മിനിട്സിൽ ചില മീറ്റിംഗുകളിൽ ഹാജർനില മാത്രം രേഖപ്പെടുത്തി യോഗ തീരുമാനങ്ങൾ രേഖപ്പെടുത്താത്തതായും കാണുന്നു.

## 3-4 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ ചെലവഴിച്ച തുകയുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | ബിൽനം/വൗച്ചർനം | തുക | കൈപ്പറ്റിയഏജൻസി |
|---|---|---|---|
| S186/18-കൊള്ളന്നൂർSCകോളനി | 45/17-18/14/03/18 | 1000000 | പുഴക്കൽബ്ലോക്ക് |

| | | | |
|---|---|---|---|
| സാംസ്കാരികനിലയം പുനരുദ്ധാരണം-പഞ്ചായത്ത് വിഹിതം നൽകൽ | | | പഞ്ചായത്ത് |
| S182/18-നീലങ്കാവിൽകുടിവെള്ളപദ്ധതി | 24/17-18 /16/10/17 | 100000 | ഭൂജലവകുപ്പ്,തൃശ്ശൂർ |
| | 21700729/ 07/10/17 | 200000 | |
| S181/18-പേരാമംഗലംHSറോഡ്കുടിവെള്ളപദ്ധതി | 14/17-18/ 16/10/17 | 200000 | ഭൂജലവകുപ്പ്,തൃശ്ശൂർ |
| | 21700728 /07/10/17 | 100000 | |
| S178/18-പേരാമംഗലംതളവരികുടിവെള്ളപദ്ധതി | 31/17-18/ 14/11/17 | 200000 | ഭൂജലവകുപ്പ്,തൃശ്ശൂർ |
| | 29/17-18 /14/11/17 | 400000 | |
| | 21700851/ 09/11/17 | 100000 | |
| S176/18-തെച്ചിക്കോട്ട്കാവ്കുടിവെള്ളപദ്ധതി | 15/17-18 /16/10/17 | 600000 | ഭൂജലവകുപ്പ്,തൃശ്ശൂർ |
| S173/18-പട്ടത്താഴംകുടിവെള്ളപദ്ധതി-ടാങ്ക് ഉയർത്തൽ | 22/17-18/ 16/10/17 | 228000 | ഭൂജലവകുപ്പ്,തൃശ്ശൂർ |
| S171/18-കൃഷിഭവൻറോഡ് കുടിവെള്ളപദ്ധതി | 21/17-18 /16/10/17 | 300000 | ഭൂജലവകുപ്പ്,തൃശ്ശൂർ |
| S167/18-പെരുമലശിവക്ഷേത്രംകുടിവെള്ളപദ്ധതി | 19/17-18 /16/10/17 | 300000 | ഭൂജലവകുപ്പ്,തൃശ്ശൂർ |
| S90/18-കൊളമ്പ്രൻമിച്ചഭൂമികുടിവെള്ളപദ്ധതി | 16/17-18/ 16/10/2017 | 200000 | ഭൂജലവകുപ്പ്,തൃശ്ശൂർ |
| S085/18-ഐഎംഎ ബ്ലഡ്ബാങ്ക് വിഹിതം | 11/17-18 /30/08/17 | 100000 | ജില്ലാപഞ്ചായത്ത്,തൃശ്ശൂർ |
| ആകെ | 40,28,000/- | | |

S186/18-കൊള്ളന്നൂർSCകോളനി സാംസ്കാരികനിലയം പുനരുദ്ധാരണം-പഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട്,എസ്റ്റിമേറ്റ്,ബ്ലോക്ക്പഞ്ചായത്തുമായുള്ള കരാർ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് വിനിയോഗവിവരം ലഭ്യമാക്കുന്നത് വരെ 40,28,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് പദ്ധതി നടപ്പാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ തരിശുഭൂമി 58 ഹെക്ടർ ആണ്. കൃഷിയോഗ്യമായ തരിശുഭൂമി 30 ഹെക്ടർ ആണ്. 217 ഹെക്ടർ നെൽവയലുകളിൽ191.28 ഹെക്ടർമാത്രമാണ് കൃഷി ചെയ്യുന്നത്. 30 ഹെക്ടർകൃഷി ചെയ്യുന്നില്ല.കൃഷി ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 25ഹെക്ടർ നെൽകൃഷിസ്ഥലം തരിശുണ്ട്.കൃഷിയോഗ്യമായ ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതികൾ കൂടി ഉൾപ്പെടുത്തി തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ എല്ലാവിവരങ്ങളും ചേർത്ത് കാലികമാക്കിയിട്ടില്ല.സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ കുടിവെള്ളപദ്ധതികൾ ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് പ്രവൃത്തികളായി ചെയ്തിട്ടുണ്ട്. എന്നാൽ ഇവക്കായി ചെലവഴിച്ച തനതുഫണ്ട് മാത്രമാണ് മുൻകൂർരജിസ്ററിൽ ചേർത്തിട്ടുള്ളത്. വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഫണ്ട് എന്നിവയൊന്നും മുൻകൂർരജിസ്ററിൽ ചേർത്തിട്ടില്ല.വാർഷികകണക്കുകളിലും ഇവ മുൻകൂർ ആയി രേഖപ്പെടുത്തിയിട്ടില്ല.

ഉദാ--

| പദ്ധതി | ഫണ്ട് | ബിൽനം/വൗച്ചർ നം | തുക | അഭിപ്രായം |
|---|---|---|---|---|
| S184/18- ആണ്ടപ്പറമ്പ് കുടിവെള്ള പദ്ധതി | വികസനഫണ്ട് | 25/17-18 /16/10/2017 | 125000 | |
| S184/18- ആണ്ടപ്പറമ്പ് കുടിവെള്ള പദ്ധതി | തനതുഫണ്ട് | 21700730 07/10/17 | 175000 | ഈ തുക മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. |
| S185/18-ഇക്കാക്കകുടിവെള്ള പദ്ധതി | വികസനഫണ്ട് | 26/17-18 /16/10/17 | 180000 | |
| S185/18-ഇക്കാക്കകുടിവെള്ള | തനതുഫണ്ട് | 21700731/ 07/10/17 | 320000 | ഈ തുക മാത്രമാണ് |

| | | | | |
|---|---|---|---|---|
| പദ്ധതി | | | | രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. |
| S182/18-നീലങ്കാവിൽകുടിവെള്ള പദ്ധതി | വികസനഫണ്ട് | 24/17-18/ 16/10/17 | 100000 | |
| S182/18-നീലങ്കാവിൽകുടിവെള്ള പദ്ധതി | തനതുഫണ്ട് | 21700729/ 07/10/17 | 200000 | ഈ തുക മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. |

മേൽപ്രകാരം എല്ലാ ഡെപ്പോസിറ്റ് പ്രവൃത്തികളിലും തനതുഫണ്ട് മാത്രമാണ് മുൻകൂർ ആയി പരിഗണിച്ചിട്ടുള്ളത്.ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകുമ്പോൾ ആയത് മുൻകൂറായി മാത്രം രേഖപ്പെടുത്തേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗവിവരം ലഭ്യമാകുമ്പോൾ ചെലവായി കണക്കാക്കി ആസ്തികളായി മാറ്റേണ്ടതുമാണ്.

## 3-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ എല്ലാ വിവരങ്ങളും കൃത്യമായി ചേർത്ത് കാലികമാക്കിയിട്ടില്ല.റോഡ്,കെട്ടിടങ്ങൾ,കുടിവെള്ള പദ്ധതികൾ,ജലസേചനപദ്ധതികൾ എന്നിവയുടെ നിർമ്മാണ വർഷം,ചെലവ്,ഏത് ഫണ്ട് ആണ് ഉപയോഗിച്ചത്,ഏത് സ്ഥലത്താണ്തുടങ്ങി യാതൊരു വിവരങ്ങളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. ചില ഇനങ്ങൾ ഒന്നിലധികം തവണ ചേർത്തിട്ടുമുണ്ട്.

പഞ്ചായത്തിന്റെ കണക്കുപ്രകാരം 45 കുടിവെള്ളപദ്ധതികൾ ആണ് ഉള്ളത്.എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം 117കുടിവെള്ളപദ്ധതികൾ ഉണ്ട്.ആസ്തി രജിസ്റ്റർ പ്രകാരം വാട്ടർ അതോറിറ്റികണക്ഷനുകൾ ഉണ്ട്.എന്നാൽ പഞ്ചായത്തിൽ നിലവിൽ വാട്ടർ അതോറിറ്റി കണക്ഷനുകൾ ഇല്ല.തൻവർഷം സൃഷ്ടിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

പഞ്ചായത്തിലെ എല്ലാ ആസ്തികളുടെയും വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.

## 3-8 പദ്ധതി നടപ്പാക്കിയില്ല--വാഹനം ലേലം ചെയ്യുന്നു.

പഞ്ചായത്ത് ഭരണസമിതിയുടെ 17/10/17ലെ 42(1) തീരുമാനപ്രകാരം 125/08പദ്ധതിക്കായി ബയോവേസ്റ്റ് ശേഖരിക്കുന്നതിനായിവാങ്ങിയ പിക്കപ്പ് വാൻ ഉപയോഗശൂന്യമായതിനാൽലേലം ചെയ്യുന്നതിന് തീരുമാനിച്ചു. 125/08പദ്ധതിക്കായി 175170രൂപ വികസനഫണ്ട് ചെലവഴിച്ചാണ് പിക്കപ്പ് വാൻ വാങ്ങിയത്. എന്നാൽ പിന്നീട് പദ്ധതി നടത്തിപ്പിനായി മറ്റ് നടപടികൾ ഒന്നും സ്വീകരിക്കാതിരുന്നതിനാൽ വാഹനം ഉപയോഗിച്ചില്ല.വാഹനത്തിന്റെ ലോഗ്ബുക്ക്,വാഹനരജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല.ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഫയലുകളും ലഭ്യമാക്കിയില്ല.

നിലവിൽ പഞ്ചായത്തിൽ ജില്ലാപഞ്ചായത്തിന്റെയും, ബ്ലോക്ക്പഞ്ചായത്തിന്റെയും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ ഉണ്ട്.നാളിതുവരെ ഉപയോഗിക്കാത്ത വാഹനം നിലവിൽ മാലിന്യനീക്കത്തിന് ഉപയുക്തമാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കേണ്ടതാണ്.മാത്രമല്ല മാലിന്യസംസ്കരണപദ്ധതിക്കായി വാഹനം വാങ്ങുകയും മറ്റ് നടപടികൾ സ്വീക രിക്കാതിരിക്കുകയും ചെയ്യുന്നത് മൂലം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നില്ല.പദ്ധതിക്കായി ചെലവഴിച്ച വികസനഫണ്ട് പാഴാകുന്നതിന് ഇത്തരം നടപടികൾ കാരണമാകുന്നു. പദ്ധതി രൂപീകരണത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് കെ.എം.എസ്.സി എൽന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി നൽകിയ മുഴുവൻ തുകയ്ക്കും മരുന്നുകളോ ഉപകരണങ്ങളോ വിതരണം നടത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതി നം/പദ്ധതിയുടെ പേര് | ബിൽ നം/തിയതി | കൈമാറിയ തുക | മരുന്ന് ലഭിച്ചത് | ലഭിക്കാനുള്ളത് |
|---|---|---|---|---|---|
| 1. | 69/18<br>സാന്ത്വന പരിചരണ പരിപാടി | 8/17-18 / 9.11.17<br>vr.no. 21701515/14.3.18<br>14/17-18/12.3.18<br>vr.no. 21701596/24.3.18<br>15/17-18/26.3.18 | 100000<br>25000<br>48980<br>45000<br>24110 | 82595 | 160495 |
| 2 | 68/18<br>പി എച്ച് സി യിലേക്ക് രോഗനിർണ്ണ | 7/17-18/19.10.17 | 71769 | 39164 | 32605 |

| | | | | | |
|---|---|---|---|---|---|
| | നിയന്ത്രണ ഉപാധികളും ഉപകരണങ്ങളും വാങ്ങൽ | | | | |

പെയിൻ ആന്റ് പാലിയേറ്റീവ് പോലുള്ള പദ്ധതിയ്ക്കായി മരുന്നുകൾ വാങ്ങുമ്പോൾ പദ്ധതിയുടെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് മരുന്നുകൾ താമസംവിനാ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം മറ്റ് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിലെ അപാകത

പദ്ധതിയുടെ പേര് : മെഡിക്കൽ ലാബിലേക്ക് റീ ഏജന്റും ഉപകരണങ്ങളും വാങ്ങൽ

പദ്ധതി നം. 72/18

വൗച്ചർ നം. 21700688/26.9.17 തുക 16904

ബിൽ നം. 3/17-18/28.9.17 തുക 15152

ബിൽ നം. 13/17-18/17.2.18 തുക 26202

പദ്ധതി പ്രകാരം റീ ഏജന്റും ഉപകരണങ്ങളും സെൻട്രൽ സർജിക്കൽസ് , തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും മൂന്ന് തവണയായാണ് വാങ്ങിച്ചിരിക്കുന്നത്. ഓരോ തവണ ആവശ്യമായ സാധനങ്ങൾ വാങ്ങുമ്പോഴും പ്രത്യേകം ക്വട്ടേഷൻ വിളിക്കുന്നതായി കാണുന്നു.ഒരേ സ്ഥാപനങ്ങൾ തന്നെയാണ് ക്വട്ടേഷനിൽ പങ്കെടുത്തിട്ടുള്ളതും . ഒരു പദ്ധതിയിൻകീഴിലുള്ള വാങ്ങലിന് പ്രത്യേകം പ്രത്യേകം ക്വട്ടേഷൻ വിളിക്കുന്നത് ശരിയായ നടപടിയല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല.

തൻവർഷം പഞ്ചായത്തിൽ ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല.പദ്ധതിക്കായി വികസനഫണ്ടിൽനിന്ന് 50000രൂപ (S021/18)വകയിരുത്തിയെങ്കിലും ചെലവഴിച്ചിട്ടില്ല.

പഞ്ചായത്തിലെ ആശ്രയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ* | 106 | 70 |
| പ്രൊജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 8 | 12 |
| നാളിതുവരെ ലഭിച്ചവർ | 6 | 0 |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 60 | 16 |
| നാളിതുവരെ ലഭിച്ചവർ | 20 | 1 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 20 | 21 |
| നാളിതുവരെ ലഭിച്ചവർ | 14 | 0 |
| കക്കൂസ് ആവശ്യമുള്ളവർ | 16 | 6 |
| നാളിതുവരെ ലഭിച്ചവർ | 0 | |
| കുടിവെള്ളം ആവശ്യമുള്ളവർ | 25 | 5 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |

| | | |
|---|---|---|
| കറന്റ് ആവശ്യമുള്ളവർ | 10 | 3 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |

ജി.ഒ (എം.എസ്)362/13/ത.സ്വ.ഭ.വ തീയതി 16.11.13 അനുബന്ധം 14 ഖണ്ഡിക 67(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കാവൂന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 68(i) പ്രകാരം ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം.

ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യത്തിലാണ് ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ഭീമമായ തുകകൾ വകയിരുത്തി സ്ഥല/ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. രണ്ടാം ഘട്ട പദ്ധതിയിൽ ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രൊജക്ട് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്.

സ.ഉ(സാ)നം.1275/2009/ത.സ്വ.ഭ.വ 30.05.2009 പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കിയതിനുശേഷം തുടർനടത്തിപ്പിനായി ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 11ന് ലഭിച്ച മറുപടി പ്രകാരം പഞ്ചായത്തിൽ ആകെ 45 കുടിവെള്ള പദ്ധതികൾ ഉണ്ട്. ഇവയിൽ ഒരെണ്ണം മാത്രമേ ഇതുവരെ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുള്ളൂ. നടപ്പ് സാമ്പത്തികവർഷം പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി പഞ്ചായത്ത് 1234578/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് സർക്കാർ നിർദ്ദേശപ്രകാരം ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്.

## 3-13 മാഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ

| | | | |
|---|---|---|---|
| 1 | 2017-18 വർഷത്തെ മൊത്തം അടങ്കൽ | | 36465200 |
| 2 | 2016-17 വർഷത്തെ മുൻബാക്കി | | 241154 |
| 3 | 2017-18 വർഷത്തെ ആകെ വരവ് | | 8830960 |
| 4 | 2017-18 വർഷത്തെ ആകെ ചെലവ് | | 9072114 |
| 5 | 2017-18 വർഷത്തെ വർഷാന്ത്യ നീക്കിയിരിപ്പ് | | 1182492 |
| 6 | 2017-18 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | | 28 സ്പിൽഓവർ വർക്ക് 122 പുതിയ വർക്ക് ആകെ 150 വർക്ക് |
| 7 | 2017-18 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | | 105 |
| 8 | മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | | 47 |
| 9 | 2017-18 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | | |
| സ്ത്രീ | | പുരുഷൻ | ആകെ |
| 18934 | | 2100 | 21034 |
| പട്ടികജാതി | പട്ടികവർഗ്ഗം | മറ്റുള്ളവർ | ആകെ |
| 6340 | - | 14694 | 21034 |
| 10 | 2017-18 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | | 409 |
| 11 | 2017-18 വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | | 66 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | | ഇല്ല |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ വിതരണം ചെയ്ത വേതനം | | 5506797 |
| 14 | 2017-18 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിവരം | | റോഡ്, കാന കോൺക്രീറ്റിംഗ് |
| 15 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | | 2017-18 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ഒന്നാംപാദം സോഷ്യൽ |

| | | | ഓഡിറ്റ് |
|---|---|---|---|

പദ്ധതികൾ സംബന്ധിച്ച വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്, ജലസംരക്ഷണം | 12 | 283401 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 9 | 259993 |
| 3 | ചെറുകിട ജലസേചനം | - | ഇല്ല |
| 4 | പട്ടികജാതി/പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയില് ജലസംരക്ഷണം | - | ഇല്ല |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 17 | 2107310 |
| 6 | ഭൂവികസനം | 19 | 2621028 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 2 | 216599 |
| 8 | മറ്റുള്ളവ | 91 | 2826208 |

## 3-14 വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിലെ അപാകതകൾ

എ. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

13-ാം പഞ്ചവൽസര പദ്ധതിയും, 2017-18 വാർഷിക പദ്ധതിയും രൂപീകരിക്കുന്നതിന്റെ ഭാഗമായി 9-1-2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റ ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ സമിതി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനുവേണ്ടി 10-02-2017 ൽ ആദ്യ യോഗം ചേർന്നു. തുടർന്ന് 10-04-2017, 12-02-2018 തീയതികളിലായി പഞ്ചായത്തിലെ ആസൂത്രണ സമിതി യോഗങ്ങൾ നടന്നിട്ടുണ്ട്. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ മൂന്നു ഘടകങ്ങളേയും ഏകോപിപ്പിക്കുകയാണ് ആസൂത്രണ സമിതിയുടെ പ്രധാന കർത്തവ്യം. വർക്കിംഗ് ഗ്രൂപ്പ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആസൂത്രണ സമിതിയാണ്.

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ (9-1-2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റ ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ.) പൂർണ്ണമായും പാലിച്ച കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടുകൾ മേൽ പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടല്ല തയ്യാറാക്കിയിട്ടുള്ളത്. പരിശോധനക്ക് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഒന്നുതന്നെ ഒപ്പ് വെച്ച് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോൽസാഹിപ്പിക്കുക, അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, ആസൂത്രണ സമയ വിവര പട്ടിക അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്യുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും, സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവക്ക് സഹായം നൽകുക, തദ്ദേശ സ്ഥാപനങ്ങളുടെ പ്രദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരേയും, അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളേയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയ ആസൂത്രണ സമിതിയുടെ ചുമതലകൾ കൃത്യമായി പാലിക്കപ്പെട്ടു കാണുന്നില്ല. ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിലെ പോരായ്മ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ട്.

ബി. വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനത്തിലെ വീഴ്ചകൾ.

ഒരു വർക്കിംഗ് ഗ്രൂപ്പിൽ വേണ്ടത് 10 മുതൽ 15 വരെ അംഗങ്ങളാണ് എന്നതാണ് സർക്കാർ നിർദ്ദേശം. (ജി.ഒ.(എം.എസ്) 10/2017/ത.സ്വ.ഭ.വ /9-1-2017). പഞ്ചായത്തിൽ നിലവിലുള്ള 12 വർക്കിംഗ് ഗ്രൂപ്പുകളിലും 15 അംഗങ്ങൾ വീതമുണ്ട്. 15 അംഗങ്ങളും പങ്കെടുത്ത വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ഒന്നും തന്നെ 2017-18 വർഷത്തിൽ നടന്നിട്ടില്ല. ഒരു വർക്കിംഗ് ഗ്രൂപ്പിൽ പോലും വിഷയ വിദഗ്ധനെ ഉപാദ്ധ്യക്ഷനാക്കിയിട്ടില്ല. പല വർക്കിംഗ് കമ്മറ്റി മിനിറ്റ്സുകളിലും കൺവീനർ, ചെയർമാൻ എന്നിവർ ഒപ്പിട്ട് ക്ലോസ് ചെയ്തിട്ടില്ല.

പ്രോജക്ടുകൾ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റു വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിത കേരളം, ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണം എന്നീ വികസന ദൗത്യങ്ങളുമായി പ്രാദേശിക പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക, പദ്ധതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക, മോണിറ്ററിംഗ് ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഒഴിവാക്കുക എന്നിങ്ങനെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ പാലിക്കുന്നതായി രേഖകളിൽ നിന്ന് വ്യക്തമല്ല.

സി. സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം.

(I) വികസന സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം 8 തവണ യോഗം ചേർന്നു. 2017-18 ലെ വാർഷിക പദ്ധതിയുടെ കരട് നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചയോ, സർക്കാർ ഉത്തരവു പ്രകാരമുള്ള മുൻഗണന/അർഹത മാനദണ്ഡങ്ങൾ സംബന്ധിച്ച ചർച്ചയോ ഒന്നും തന്നെ നടന്നതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ടി കമ്മറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ :--

(പൊതുവിഷയങ്ങൾ) - കൃഷി, ചെറുകിട ജലസേചനം, സാമൂഹ്യ വനവൽക്കരണം. പൊതുമരാമത്ത് (പശ്ചാത്തല വികസനം), കെട്ടിട നിർമ്മാണ പെർമിറ്റ്, ഊർജ്ജം, മൃഗസംരക്ഷണവും ക്ഷീര വികസനവും, മൽസ്യ മേഖല എന്നിവയാണ്. കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങളുമായി

ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർ കൃഷി ഓഫീസർ, അസി. എഞ്ചിനീയർ, വെറ്ററിനറി സർജ്ജൻ, ഡയറി ഫാം ഇൻസ്ട്രക്ടർ, ഫിഷറീസ് ഇൻസ്പെക്ടർ എന്നിവരാണ്.

(ii) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18വർഷം 22 തവണ യോഗം ചേർന്നു. 2017-18 വർഷത്തെ ബജറ്റ് സമയ ബന്ധിതമായി തയ്യാറാക്കുന്നതിന് തീരുമാനിച്ചു. മാസം തോറുമുള്ള വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നുണ്ട്.

ടി കമ്മറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ ബജറ്റ് , തനത് വരുമാനങ്ങൾ, പൊതുഭരണം, രസീത് പരിശോധന എന്നിവയാണ്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും, വരവ് ചെലവുകളും നിരീക്ഷിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക, ബജറ്റിനനുസരിച്ച് വരവ് ചെലവുകൾക്രമീകരിക്കുക, പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ധനസ്രോതസ്സ് വരുമാനം കണ്ടെത്തുക എന്നിവ ടി കമ്മറ്റിയുടെ ഉത്തരവാദിത്തമാണ്.

(iii) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം 4 തവണ യോഗം ചേർന്നു. കമ്മിറ്റിയുടെ തീരുമാനങ്ങളെല്ലാം തന്നെ ക്ഷേമ പെൻഷനുകൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയുമായി ബന്ധപ്പെട്ടുള്ളവയായിരുന്നു.

ടി കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ :- സാമൂഹ്യക്ഷേമം, വനിതാ വികസനം, പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം എന്നിവയാണ്. കമ്മിറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ ICDS സൂപ്പർവൈസർ, വി.ഇ.ഒ, അസി. സെക്രട്ടറി എന്നിവരാണ്.

(iv) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം 4 തവണ യോഗം ചേർന്നു. ടി കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാന്ത്വന പരിചരണം, മാലിന്യ സംസ്കരണം, വിദ്യാഭ്യാസം എന്നിവയാണ്. കമ്മിറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ HM, മെഡിക്കൽ ഓഫീസർമാർ എന്നിവരാണ്.

നിയമത്തിന്റെയും, ചട്ടങ്ങളുടേയും, സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ആവശ്യമായ പ്രോജക്ടുകൾ ശുപാർശചെയ്യുന്നതിനും, ഏറ്റെടുത്ത പ്രോജക്ടുകൾ യഥാവിധി നടപ്പാക്കുന്നുവെന്നും ഫലപ്രാപ്തിയിൽ എത്തുന്നുവെന്നും ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികൾ യഥാവിധി പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിന് മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ കഴിയും

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 3,00,000 | ക്ഷീരകർഷർക്ക് സബ്സിഡി 163/18 (Dairy) | 1,48,779 | 1,51,221 |
| | | 3,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് 80/18 (ഐ.സി.ഡി.എസ്) | 3,00,000 | 0 |
| | | 75,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് 81/18 (ഐ.സി.ഡി.എസ്) | 75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,80,823 | പഞ്ചായത്ത് ഗ്രൗണ്ട് വികസനം | 2,80,823 | 0 |

| | | | | | |
|---|---|---|---|---|---|
| | 2017-18 | 1,50,000 | ക്ഷീരകർഷകർക്ക് സബ്സിഡി 163/18 (ഡയറി) | 1,50,000 | 0 |
| | | 80,000 | സാന്ത്വന പരിപാലന പദ്ധതി69/18 (എം.ഒ, പി.എച്ച്.സി) | 80,000 | 0 |
| | | 2,20,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് 80/18 (ഐ.സി.ഡി.എസ്) | 2,20,000 | 0 |
| | | 1,00,000 | കിണർ റീചാർജിംഗ് 97/18 (വി.ഇ.ഒ) | 1,00,000 | 0 |
| | 2016-17 | 8,50,000 | തെച്ചിക്കോട്ടികാവ് റോഡ് അഴുക്കുചാൽ നിർമ്മാണം 61/18 (എ.ഇ) (കാപ്പിറ്റൽ) | 3,50,000 | 0 |
| | | | കിഴുട്ടവളപ്പിൽ റോഡ് അഴുക്കുചാൽ നിർമ്മാണം 60/18 (എ.ഇ) (കാപ്പിറ്റൽ) | 2,40,800 | 0 |
| | | | കൊള്ളന്നൂർ പട്ടിക ജാതി കോളനി അഴുക്കുചാൽ നിർമ്മാണം 59/18 (എ.ഇ) (കാപ്പിറ്റൽ) | 2,59,200 | 0 |
| ആകെ | | 23,55,823 | | 22,04,602 | 1,51,221 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 90.വാർഡ് 8- കൊളമ്പ്രൻ മിച്ച ഭൂമി കുടിവെള്ള പദ്ധതി നവീകരണം | - | CFC-200000 | - | 200000 |
| ഭൂജല വകുപ്പ് | 96. വാർഡ്11- നട്ടാക്ക് ജലസേചന പദ്ധതിക്ക് ബോർവെൽ നിർമ്മാണം | - | Gen-80000 | - | 80000 |

| | | | | | |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 154.വാർഡ് 1- പൂത്തൂർ സ്കൂൾ റോഡ് കുടിവെള്ള പദ്ധതി | - | CFC-300000 | - | 300000 |
| ഭൂജല വകുപ്പ് | 167.വാർഡ്2- പെരുമല ശിവക്ഷേത്രം കുടിവെള്ള പദ്ധതി | - | CFC-300000 | - | 300000 |
| ഭൂജല വകുപ്പ് | 170.വാർഡ്5- ശങ്കരൻകണ്ടം മെഡിക്കൽ കോളേജ് കുടിവെള്ള പദ്ധതി | - | CFC-300000 | - | 300000 |
| ഭൂജല വകുപ്പ് | 171.വാർഡ് 6- കൃഷിഭവൻ റോഡ് കുടിവെള്ള പദ്ധതി | - | CFC-300000 | - | 300000 |
| ഭൂജല വകുപ്പ് | 172.വാർഡ്7- മൈലാംകുളം വായനശാല കുടിവെള്ള പദ്ധതി | - | CFC-300000 | - | 300000 |
| ഭൂജല വകുപ്പ് | 173.വാർഡ്9- പട്ടത്താഴം കുടിവെള്ള പദ്ധതി- ടാങ്കുയർത്തൽ | - | CFC-228000 | - | 228000 |
| ഭൂജല വകുപ്പ് | 174.വാർഡ്9- രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി – ബോർവെൽ നിർമ്മാണം. | 21700850-28/11/2017 | CFC-195243<br>OWN-4757 | - | 195243/-<br>4757/- |
| ഭൂജല വകുപ്പ് | 176.വാർഡ്9- തെച്ചിക്കോട്ടുകാവ് കുടിവെള്ള പദ്ധതി | - | SCP-600000 | - | 600000 |
| ഭൂജല വകുപ്പ് | 178.വാർഡ്11- പേരാമംഗലം തളവരി കുടിവെള്ള പദ്ധതി | 21700851-28/11/2017 | CFC-600000<br>OWN-100000 | - | 600000<br>100000 |
| ഭൂജല വകുപ്പ് | 179.കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ | 21701096,21701097 | OWN-78150 | 78150 | 0 |
| ഭൂജല വകുപ്പ് | 181.വാർഡ്10- പേരാമംഗലം ഹൈസ്കൂൾ റോഡ് കുടിവെള്ള പദ്ധതി | 21700728-07/10/2017 | CFC-200000<br>OWN-100000 | - | 200000<br>100000 |

| | | | | | |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 182.വാർഡ്12- നീലങ്കാവിൽ കുടിവെള്ള പദ്ധതി | 21700729-07/10/2017 | CFC-100000<br>OWN-200000 | - | 100000<br>200000 |
| ഭൂജല വകുപ്പ് | 183.വാർഡ്14-മജ്ലിസ് കുടിവെള്ള പദ്ധതി | 21700732-07/10/2017 | OWN-300000 | - | 300000 |
| ഭൂജല വകുപ്പ് | 184.വാർഡ് 16- ആണ്ടപ്പറമ്പ് കുടിവെള്ള പദ്ധതി | 21700730-07/10/2017 | CFC-125000<br>OWN-175000 | - | 125000<br>175000 |
| ഭൂജല വകുപ്പ് | 185-വാർഡ്3- ഇക്കാക്ക കുടിവെള്ള പദ്ധതി | 21700731-07/10/2017 | CFC-180000<br>OWN-320000 | - | 180000<br>320000 |
| ഭൂജല വകുപ്പ് | 203-വാർഡ് 14- പെരിങ്ങന്നൂർ എസ്.സി.കുടിവെള്ള പദ്ധതി | - | SCP-991000 | - | 991000 |
| ഭൂജല വകുപ്പ് | 216-ഞാറ്റുവപ്പാടം (വാഴപ്പിള്ളി) കുടിവെള്ള പദ്ധതി നവീകരണം.- വാർഡ് 18- തുക അടവാക്കൽ | - | GEN-35000 | - | 35000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 218.ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 21701371-21701372-24/02/2018 | OWN-238684 | - | 238684 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഹൗസിംഗ് ലോൺ | 885/10/തസ്വഭവ തീയതി 16.03.2010 | 4647500 | 1158071 | 450000 | | 708071 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| | | | | | | |
|---|---|---|---|---|---|---|
| 1 | 2015-16 കേരള സംസ്ഥാന ഓഡിറ്റ് | 2-1 | 6850 | സിസ്റ്റ ഫാർമ ലാബ്സ്, വേളക്കോട് | 117030500021 | 22/08/17 |
| 2 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-6 | 960 | മാനേജർ, പ്രൈംസ്റ്റാർ ഡയമണ്ട്സ്, മുണ്ടൂർ | 117030103105 | 30/08/17 |
| 3 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-6 | 960 | മാനേജർ, പ്രൈംസ്റ്റാർ ഡയമണ്ട്സ്, മുണ്ടൂർ | 117030103106 | 30/08/17 |
| 4 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-3 | 800 | പ്രൊപ്രൈറ്റർ, ടീസൺ സെയിൽസ് ഏജൻസീസ്, റബ്ബർ പാർക്ക്, ആറമ്പിള്ളി | 117030103729 | 07/10/17 |
| 5 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-3 | 1950 | മാനേജിംഗ് ഡയറക്ടർ, ജെംകോ റബ്ബർ ലിമിറ്റഡ്, റബ്ബർ പാർക്ക്, ആറമ്പിള്ളി | 117030103730 | 07/10/17 |
| 6 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-3 | 500 | കിഷോർ.പി.എ,പാറമേൽ വീട്, അഞ്ഞൂര് | 117070100061 | 19/10/17 |
| 7 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-6 | 27680 | മാനേജിംഗ് ഡയറക്ടർ, ജെംകോ റബ്ബർ ലിമിറ്റഡ്, റബ്ബർ പാർക്ക്, ആറമ്പിള്ളി | 117030500054 | 19/10/17 |
| 8 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-6 | 7530 | പവർ ട്രെഡ്സ്, റബ്ബർ പാർക്ക്, ആറമ്പിള്ളി | 117030500056 | 19/10/17 |
| 9 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-6 | 8850 | പ്രൊപ്രൈറ്റർ, വിന്നർ റബ്ബർ പ്രൊഡക്ട്സ്, റബ്ബർ പാർക്ക് ആറമ്പിള്ളി | 117030500057 | 19/10/17 |
| 10 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-6 | 8730 | പ്രൊപ്രൈറ്റർ, വിന്നർ റബ്ബർ പ്രൊഡക്ട്സ്, റബ്ബർ പാർക്ക് ആറമ്പിള്ളി | 117030500059 | 19/10/17 |
| 11 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-6 | 3900 | പ്രൊപ്രൈറ്റർ, സ്പീഡ് ട്രെഡ്സ് റബർ പാർക്ക് ആറമ്പിള്ളി | 117030500060 | 19/10/17 |
| 12 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-6 | 4400 | പ്രൊപ്രൈറ്റർ, സ്പീഡ് ട്രെഡ്സ് റബർ പാർക്ക് ആറമ്പിള്ളി | 117030500061 | 19/10/17 |

| | | | | | | |
|---|---|---|---|---|---|---|
| 13 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-6 | 3750 | മാനേജർ, ജീവൻ ട്രേഡേഴ്സ് പ്രൈ.ലി., റബ്ബർ പാർക്ക് ആറമ്പിള്ളി | 117030500063 | 19/10/17 |
| 14 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-6 | 4320 | മാനേജർ, ജീവൻ ട്രേഡേഴ്സ് പ്രൈ.ലി., റബ്ബർ പാർക്ക് ആറമ്പിള്ളി | 117030500065 | 19/10/17 |
| 15 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 8100 | പവർ ട്രഡ്സ്, റബ്ബർ പാർക്ക്, ആറമ്പിള്ളി | രസീറ്റ് നമ്പർ ലഭ്യമല്ല | |
| 16 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 25190 | മാനേജിംഗ് ഡയറക്ടർ, ജെംകോ റബ്ബർ ലിമിറ്റഡ്, റബ്ബർ പാർക്ക്, ആറമ്പിള്ളി | 117030500069 | 19/10/17 |
| 17 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 1200 | ഭരതൻ, പട്ടത്താഴത്ത് വീട്, പേരാമംഗലം | 117030102524 | 27/07/17 |
| 18 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 600 | ജെയിംസ്, താണിക്കൽ വീട്, പേരാമംഗലം | 117030102539 | 28/07/17 |
| 19 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 600 | ലിജോൺ, മുളയ്ക്കൽ വീട്, തൃശ്ശൂർ | 117030102552 | 28/07/17 |
| 20 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 600 | റപ്പായി, പാണേങ്ങാടൻ വീട്, മുണ്ടത്തിക്കോട് | 117030102563 | 29/07/17 |
| 21 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 2500 | ജോയ്.ഐ.ജി, ഇമ്മട്ടി വീട്, പേരാമംഗലം | 117030102607 | 31/07/17 |
| 22 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 900 | ജിതിൻ.ടി.ജി, തെക്കേടത്ത് പറമ്പിൽ വീട്, വിയൂർ | 117030102644 | 02/08/17 |
| 23 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 600 | ആനി.കെ.പി, തലക്കോട്ടൂർ വീട്, മറ്റം | 117030102847 | 11/08/17 |
| 24 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-3(4) | 100 | മംഗള ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മുണ്ടൂർ | 117030105857 | 27/11/17 |
| 25 | 2016-17 കേരള | 2-5 | 2500 | ഡിപ്പോ മാനേജർ, സപ്ലൈകോ, കരിയച്ചിറ | 117030107601 | 06/02/18 |

| | | | | | | |
|---|---|---|---|---|---|---|
| | സംസ്ഥാന ഓഡിറ്റ് | | | | | |
| 26 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 1250 | സെക്രട്ടറി, മുണ്ടൂർ കോ-ഓപ്പറേറ്റീവ് ബാങ്ക്, മുണ്ടൂർ | 117030108840 | 01/03/18 |
| 27 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 1250 | സെക്രട്ടറി, മുണ്ടൂർ കോ-ഓപ്പറേറ്റീവ് ബാങ്ക്, മുണ്ടൂർ | 117030108841 | 01/03/18 |
| 28 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-8 | 2720 | ജിത അലോക്, വൈക്കത്ത്കാട്ടിൽ, നൈൽ ആശുപത്രി, കൈപ്പറമ്പ് | 117030102538 | 28/07/17 |
| 29 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 600 | മല്ലിക നടുവിൽപുരയ്ക്കൽ വീട്, മുണ്ടൂർ | 117030102566 | 29/07/17 |
| 30 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 2500 | മാനേജർ, ഹെയിൽ സ്റ്റോൺ, അയ്യംകുന്ന് | 117030500007 | 01/08/17 |
| 31 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 900 | മാനേജർ, പ്രീതി കുറീസ് ഇൻവെസ്റ്റ്മെന്റ്സ്, കൈപ്പറമ്പ് | 117030110260 | 31/03/2018 |
| 32 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 900 | സെക്രട്ടറി, മുണ്ടൂർ മിൽക്ക് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി | 117030110270 | 31/03/18 |
| 33 | 2016-17 കേരള സംസ്ഥാന ഓഡിറ്റ് | 2-5 | 1250 | മാനേജർ, ബ്രദേഴ്സ് ഫിനാൻസ്, മുണ്ടൂർ | 117030102550 | 28/07/17 |
| ആകെ | | | 1,35,481 | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 25 | 2003-04 | 3.8.1.1 | കായിക ശില്പശാല – അംഗീകാരമില്ലാതെ ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുൻപാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 1999-2000 | 4 | 2003-04 | 3.8.1.2 | സർക്കാർ നിരക്ക് അധികരിച്ച് സബ്സിഡി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുൻപാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 1999-2000 | 43 | 2003-04 | 3.8.1.3 | മരാമത്ത് വേലകൾക്ക് അധികച്ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുൻപാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2(1) | 2016-17 | 2.2 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ, എഞ്ചിനീയർമാർ, പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് പ്രതിഫലം കൈപ്പറ്റിയിട്ടുള്ള കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് | ജില്ലാ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ മുമ്പാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,94,97,685 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,26,59,672 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 40,28,000 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല. | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 40,28,000 | കെ.രവീന്ദ്രൻ, സെക്രട്ടറി, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80, 80-81, 81-82, 82-83, 83-84, 84-85, 85-86, 87-88, 88-89, 89-90, 90-91, 91-92 | എൽ. എഫ്.ടി.എസ്.2-927/11/.28.10.11 /05.01.12 | |
| 1992-93, 1993-94 | എൽ .എഫ്.ടി.9-866/95/16/10/96 | |
| 1994-95, 1995-96 | എൽ . എഫ്.ടി.9-26/98/03.04.98 | |
| 1996-97 | എൽ . .എഫ്.ടി.9/367/98/06.10.98 | |
| 1997-98 | എൽ . എഫ്.ടി.9 -1460/1/ 98/22.07.99 | |
| 1998-99 | എൽ . എഫ്.ടി.21-1229/2000/ 24.10.2000 | |
| 1999-2000 | എൽ.എഫ്.ടി.12-1348/02/23.01.03 | |
| 2000-01, 2001-02 ജനകീയാസൂത്രണം | എൽ.എഫ്.ടി.12-1584/03/11.03.04 | |
| 2001-02 | എൽ.എഫ്.ടി.12-1535/07/22.09.08 | |
| 2002-03 | എൽ.എഫ്.ടി.12-1533/07/22.09.08 | |
| 2003-04 | എൽ.എഫ്.ടി.12-1532//07/ 22.09.08 | |
| 2004-05 | എൽ.എഫ്.ടി-12/09/06.04.1/ 10.05.10 | |
| 2005-06 | എൽ.എഫ്.ടി.12/1379/09/ 20.07.10 | |
| 2006-07 | എൽ.എഫ്.ടി.12-1380/09/ 20.07.10 | |
| 2007-08 | എൽ.എഫ്.ടി.(പി3) 1617/11/ 21.12.11 | |
| 2008-09 | എൽ.എഫ്.ടി.(പി3)-1615/11/ 21.12.11/03.04.12 | |
| 2009-10, 2010-11 | എൽ.എഫ്.ടി.പി3-1347/12/ 22.11.12/08.03.13 | |
| 2011-12 | എൽ.എഫ്.ടി.(പി3)-2077/13/ 14.03.14/03.06.14 | |
| 2012-13 | എൽ.എഫ്.ടി.(പി3)1231/14/ 01.12.2014 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി3)699/15 /28.09.15/15.10.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി3)713/16 /26.05.16 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3) 1729/15 /19.10.16 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി3) 1225/17 /10.08.17 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൈപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം – 2

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ